(സി) പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉള്ള നിയമനം കുറയാൻ കാരണമെന്താണ് ;

(ഡി) വിദ്യാഭ്യാസ വകുപ്പിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) പി.എസ്.സി.യിൽ നിന്നും അഡ്വൈസ് വേണ്ടതില്ലെന്ന് വ്യക്തമാക്കിക്കൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പോ, ഉന്നത വിദ്യാഭ്യാസ വകുപ്പോ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പോ വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള മറ്റു വകുപ്പുകളോ പി.എസ്.സി.-യ്ക്ക് കത്ത് നൽകിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത കത്തിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ജി) ഇത്തരത്തിൽ കത്തയയ്ക്കുന്നത് നിലവിലുള്ള നിയമാനുസൃതമാണോ ;

(എച്ച്) ഇത്തരത്തിൽ പി.എസ്.സി.-യ്ക്ക് കത്തയയ്ക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഐ) ഇല്ലെങ്കിൽ അപ്രകാരം കത്തയച്ച നിയമനാധികാരികളുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഐ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പാലക്കാട് ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ

56 (2910) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിലും ഒഴിഞ്ഞുകിടക്കുന്ന വിവിധ തസ്തികകളുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം സബ്ജില്ല തിരിച്ച് അറിയിക്കുമോ ;

(ബി) ഇതിൽ ഏതൊക്കെ തസ്തികകളിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ എത്ര പേർക്ക് ഏതൊക്കെ തസ്തികയിലേക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട് ;

(ഡി) റാങ്ക് ലിസ്റ്റിൽ നിലവിലില്ലാത്ത തസ്തികകൾ നികത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവിധ തസ്തികകളിലെ കാറ്റഗറി തിരിച്ചുള്ള എണ്ണം താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എച്ച്. എസ്. എ. (കണക്ക്)	-	13
എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്)	-	13
എച്ച്. എസ്. എ. (സോഷ്യൽ സയൻസ്)	-	23
എച്ച്. എസ്. എ. (നാച്ചറൽ സയൻസ്)	-	17
എച്ച്. എസ്. എ. (ഇംഗ്ലീഷ്)	-	25
എച്ച്. എസ്. എ. (മലയാളം)	-	8
എച്ച്. എസ്. എ. (ഹിന്ദി)	-	11
എച്ച്. എസ്. എ. (സംസ്കൃതം)	-	2
എച്ച്. എസ്. എ. (അറബി)	-	1
എച്ച്. എസ്. എ. സംസ്കൃതം (പാർട്ട്ടൈം)	-	1
എച്ച്. എസ്. എ. അറബി പാർട്ട്ടൈം	-	1
ജൂനിയർ ഹിന്ദി (ഫുൾടൈം)	-	6
ജൂനിയർ ഹിന്ദി (പാർട്ട് ടൈം)	-	8
ജൂനിയർ (അറബി) പാർട്ട് ടൈം	-	5
പി. ഇ. റ്റി.	-	7
തയ്യൽ	-	2
ക്ലാർക്ക്	-	10
പ്യൂൺ	-	4

പി.ടി. ടീച്ചർമാരുടെ ഒഴിവുകൾ സബ്ജില്ല തിരിച്ച്

ചിറ്റൂർ	-	50
കൊല്ലംകോട്	-	37
മണ്ണാർക്കാട്	-	4
പാലക്കാട്	-	5
ആലത്തൂർ	-	2
കുഴൽമന്ദം	-	5

പ്രൈമറി വിഭാഗമുള്ള ഹൈസ്കൂളുകളിലെ പി. ഡി. ടീച്ചേഴ്സ് - 39

പി. ടി. ടീച്ചർ തമിഴ്

മണ്ണാർക്കാട് ചിറ്റൂർ	-	15

(ബി) താഴെപ്പറയുന്ന തസ്തികകൾക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

എച്ച്. എസ്. എ. കണക്ക്

എച്ച്. എസ്. എ. ഫിസിക്കൽ സയൻസ്

LIBRARY ARCHIVES Kerala Legislative Assembly

എച്ച്. എസ്. എ. സോഷ്യൽ സയൻസ്

പി. ടി. ടീച്ചർ

എച്ച്. എസ്. എ. മലയാളം

എച്ച്. എസ്. എ. ഹിന്ദി

എച്ച്. എസ്. എ. സംസ്കൃതം (പാർട്ട് ടൈം)

ജൂനിയർ ഹിന്ദി (ഫുൾടൈം)

ജൂനിയർ ഹിന്ദി (പാർട്ട് ടൈം)

പി. ഇ. റ്റി.

ക്ലാർക്ക്

പ്യൂൺ

(സി) റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നിയമനാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ 19-6-2003-ലെ ജി.ഒ.പി (നം. 166/പൊ.വി.) ഉത്തരവ് പ്രകാരം ദിവസകൂലി അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

റെഗുലർ സർവ്വീസിൽ ചേരും മുൻപ് ജോലി ചെയ്ത കാലയളവ് പെൻഷന് പരിഗണിക്കുന്നതിന് നൽകിയ നിവേദനം

57 (2912) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർകോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജിലെ റിട്ടയേർഡ് ലക്ചറർ, ശ്രീ. എം. ജനാർദ്ദനൻ നായർ റഗുലർ സർവ്വീസിൽ ചേരും മുൻപ് ഡമോൺസ്ട്രേറ്ററായി ജോലി ചെയ്ത കാലയളവ് പെൻഷന് പരിഗണിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിൻ മേലുള്ള (ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഫയൽ നമ്പർ 11538/ഡി2/2003/ഉ.വി.വ.) നടപടികളുടെ വിശദ വിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

കാസർകോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജിൽ നിന്നും റിട്ടയർ ചെയ്ത ലക്ചറർ ശ്രീ. എം. ജനാർദ്ദനൻ നായർ റഗുലർ സർവ്വീസിൽ ചേരും മുൻപ് പയ്യന്നൂർ കോളേജിൽ 15-7-1965 മുതൽ 9-9-1968 വരെ ഡമോൺസ്ട്രേറ്ററായി ജോലി നോക്കുകയും 9-9-1968-ൽ സ്വയം വിരമിക്കുകയും ചെയ്തു. പിന്നീട് ടിയാൻ റെഗുലർ സർവ്വീസിൽ ചേരുന്നത് 17-11-1971 മുതലാണ്. ആയതുകൊണ്ട് നിലവിലുള്ള നിയമമനുസരിച്ച് 15-7-1965 മുതൽ 9-9-1968 വരെയുള്ള കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly